എല്ലാ ജില്ലകളിലും അപ്പലേറ്റ് ട്രിബ്യൂണൽ സ്ഥാപിക്കുകയും ഓരോ ട്രിബ്യൂണലിന്റെയും പ്രിസൈഡിംഗ് ഓഫീസർമാരായി ജില്ലാ കളക്ടർമാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഓരോ സബ് ഡിവിഷനിലും ഓരോ മെയിന്റനൻസ് ട്രിബ്യൂണൽ സ്ഥാപിക്കുകയും റവന്യൂ ഡിവിഷണൽ ഓഫീസർമാരെ ഓരോ ട്രിബ്യൂണലിന്റെയും പ്രിസൈഡിംഗ് ആഫീസർമാരായി നിയമിക്കുകയും ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാരെ മെയിന്റനൻസ് ആഫീസർമാരായി നിയമിക്കുകയും ചെയ്തിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന വൃദ്ധസദനങ്ങൾക്കും ഡേ കെയർ സെന്ററുകൾക്കും ആവർത്തന ചെലവുകൾക്ക് സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും ഫണ്ട് അനുവദിക്കുന്ന ഒരു പദ്ധതിക്ക് ഈ സാമ്പത്തിക വർഷം ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

(ബി) വയോജന ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്ന സംഘടനകൾ സാമൂഹ്യക്ഷേമ വകുപ്പ് വഴിയല്ല രജിസ്റ്റർ ചെയ്യുന്നത്. ആയതിനാൽ അംഗീകൃത സംഘടനകളുടെ വിവരം ഈ വകുപ്പിൽ ലഭ്യമല്ല.

സർക്കാർ ഗ്രാന്റ് ലഭിക്കുന്ന 154 വൃദ്ധസദനങ്ങൾ സന്നദ്ധ സംഘടനകൾ നടത്തുന്നുണ്ട്.

(സി) പ്രസ്തുത ഹർജി പരിശോധിച്ചു വരുന്നു.

വൃദ്ധജനങ്ങളുടെ ക്ഷേമവും സുരക്ഷയും

81 (6240) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൃദ്ധജനങ്ങളുടെ ക്ഷേമത്തിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) വൃദ്ധജനങ്ങളെ ബന്ധുക്കൾ ഉപേക്ഷിച്ചു കടന്നു കളയുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത്തരം പ്രവൃത്തികൾ തടയുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) വൃദ്ധജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും അവരുടെ ആരോഗ്യം സംരക്ഷിക്കുന്നതിനുമായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയോജനങ്ങളുടെ ക്ഷേമത്തിനുവേണ്ടി വിവിധ പരിപാടികൾ നടപ്പിലാക്കുന്നതിനുള്ള കർമ്മ പദ്ധതി രൂപീകരിക്കുന്നതിന് വയോജന നയം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന വയോജന നയത്തിൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം സംസ്ഥാന കൗൺസിലും ജില്ലാതല കൗൺസിലും രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. വയോജന നയം സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കുകയാണ് കൗൺസിലിന്റെ ഉദ്ദേശ്യം.

വൃദ്ധസദനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനും മറ്റുമായി സംസ്ഥാന വയോജന കൗൺസിൽ അംഗങ്ങളുടെ സബ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 11.7 കോടി രൂപ വിവിധ ക്ഷേമ സ്ഥാപനങ്ങൾക്കുള്ള കെട്ടിട നിർമ്മാണത്തിനായി ചെലവഴിച്ചിട്ടുണ്ട്. കൂടാതെ പാർശ്വവൽക്കരിക്കപ്പെടുന്നവർക്കായി പുതിയ സാമൂഹ്യ സുരക്ഷിതത്വ സംരംഭങ്ങൾക്കായി 4.11 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

സർക്കാർ ഗ്രാന്റോടുകൂടി സംസ്ഥാനത്ത് സന്നദ്ധ സംഘടനകൾ 154 വൃദ്ധസദനങ്ങൾ നടത്തുന്നു. ഈ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് നൽകി വരുന്ന ഗ്രാന്റ് 250 രൂപ ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.

അനാരോഗ്യം ബാധിച്ച് നിരാശ്രയരായി തെരുവുകളിൽ അലഞ്ഞു തിരിയുന്നവർക്കും രോഗം ഭേദമായതിനുശേഷം ആരും സ്വീകരിക്കുവാനില്ലാതെ ആശുപത്രിയിൽ കഴിയാൻ നിർബന്ധിതരായവർക്കും സംരക്ഷണം നൽകുന്നതിനുള്ള ഒരു പദ്ധതിക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിലെ 3 സ്ഥാപനങ്ങൾക്കും എറണാകുളം ജില്ലയിലെ 4 സ്ഥാപനങ്ങൾക്കും ഓരോ അന്തേവാസിക്കും പ്രതിമാസം 750 രൂപ പ്രകാരം ഗ്രാന്റ് അനുവദിക്കുന്നുണ്ട്.

മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും ക്ഷേമവും പരിരക്ഷയും സംബന്ധിച്ച് 2007-ലെ കേന്ദ്ര നിയമം നൽകിയ അധികാരങ്ങൾ പ്രയോഗിക്കുന്നതിനു വേണ്ടി കേരള സർക്കാർ ചട്ടങ്ങൾ തയ്യാറാക്കിയിട്ടുണ്ട്.

ഓരോ സബ് ഡിവിഷനിലും മെയിന്റനൻസ് ട്രിബ്യൂണൽ രൂപീകരിക്കുകയും റവന്യൂ ഡിവിഷണൽ ഓഫീസർമാരെ ഓരോ ട്രിബ്യൂണലിന്റെയും പ്രിസൈഡിംഗ് ഓഫീസർമാരായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ ജില്ലയിലും അപ്പലേറ്റ് ട്രിബ്യൂണൽ സ്ഥാപിക്കുകയും ജില്ലാ കളക്ടർമാരെ ട്രിബ്യൂണലിന്റെ പ്രിസൈഡിംഗ് ഓഫീസർമാരായി നിയമിക്കുകയും ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാരെ മെയിന്റനൻസ് ഓഫീസർമാരായി പദവി നൽകുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളിൽ ഏറ്റവും മെച്ചപ്പെട്ടതും 50 വർഷത്തിലധികം പ്രവർത്തന പാരമ്പര്യമുള്ളതുമായ സ്ഥാപനമാണ് ചാക്കയിൽ പ്രവർത്തിച്ചുവരുന്ന കെയർ ഹോം. ഈ കെയർ ഹോം മാറ്റി പ്രവർത്തിപ്പിക്കുന്നതിന് പുലയനാർകോട്ടയിൽ ആധുനിക സൗകര്യമുള്ള കെയർ ഹോം നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) വയോജനങ്ങളുടെ ക്ഷേമവും സംരക്ഷണവും ഉറപ്പാക്കുന്നതിനായി മെയിന്റനൻസ് ആന്റ് വെൽഫെയർ ഓഫ് പാരന്റ്സ് ആന്റ് സീനിയർ സിറ്റിസൺസ് ആക്ട് 2007-ഉം റൂൾസ് 2009-ഉം നിലവിൽ വന്നിട്ടുണ്ട്. വയോജനങ്ങളുടെ പരാതികൾ സ്വീകരിക്കുന്നതിനും തീർപ്പ് കൽപ്പിക്കുന്നതിനുമായി മെയിന്റനൻസ് ട്രിബ്യൂണലുകൾ രൂപീകരിച്ചിട്ടുണ്ട്. ബന്ധുക്കൾ ഉപേക്ഷിച്ച് കടന്നുകളയുന്ന വയോജനങ്ങളെ സംരക്ഷിക്കുന്നതിനായി സാമൂഹ്യക്ഷേമ വകുപ്പിന് കീഴിൽ 15 വൃദ്ധസദനങ്ങളും സർക്കാർ ഗ്രാന്റോടുകൂടി സന്നദ്ധ സംഘടനകൾ നടത്തുന്ന 154 വൃദ്ധസദനങ്ങളും പ്രവർത്തിച്ചുവരുന്നു. സാമൂഹ്യക്ഷേമ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന 15 സ്ഥാപനങ്ങളിലെ അന്തേവാസികളുടെ സംരക്ഷണ ചെലവിനായി പ്രതിമാസം 750 രൂപയും മരുന്നിന് പ്രതിമാസം 300 രൂപയും വസ്ത്രത്തിന് പ്രതിവർഷം 1000 രൂപയും നിരക്കിൽ തുക അനുവദിച്ചിട്ടുണ്ട്. സർക്കാർ ഗ്രാന്റോടുകൂടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് പ്രതിമാസം 200 രൂപ നിരക്കിൽ ഗ്രാന്റ് നൽകി വരുന്നത് 250 രൂപയായി ഉയർത്തിയിട്ടുണ്ട്.

(സി) വൃദ്ധജനങ്ങൾക്ക് നിയമപരമായ സുരക്ഷ ഉറപ്പാക്കുന്നതിനായി മെയിന്റനൻസ് ആന്റ് വെൽഫെയർ ഓഫ് പാരന്റ്സ് ആന്റ് സീനിയർ സിറ്റിസൺസ് ആക്ട് 2007-ഉം റൂൾസ് 2009-ഉം നിലവിൽ വന്നിട്ടുണ്ട്. ഇതിൽ വയോജനങ്ങളുടെ നിയമപരമായ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള കാര്യങ്ങൾ വ്യവസ്ഥ ചെയ്യുന്നു.

ആരോഗ്യം സംരക്ഷിക്കുന്നതിനായി ആരോഗ്യ മേഖലയിൽ ആരോഗ്യ ഇൻഷ്വറൻസ്, ആശുപത്രികളിൽ ജറന്റോളജി ക്ലിനിക്കുകൾ, ജെറിയാട്രിക് വാർഡുകൾ, ആതുര ശുശ്രൂഷ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് ജറന്റോളജി, ജറിയാട്രിക് എന്നിവയിൽ പ്രത്യേക ഇൻസർവീസ് പരിശീലനം, പ്രധാന ജീവൻരക്ഷാ മരുന്നുകളുടെ വില നിയന്ത്രണം, ലഭ്യത ഉറപ്പാക്കൽ, സ്വകാര്യ ചികിത്സ മേഖലയിൽ ദുരിതാശ്വാസ ഫണ്ട് രൂപീകരണം, ജീവൻരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കൽ, സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റുകൾ പ്രത്യേക പോഷകാഹാരം ലഭ്യമാക്കൽ, ജറിയാട്രിയിൽ സന്നദ്ധ സംഘടനാ പ്രവർത്തകർക്ക് പ്രത്യേക പരിശീലനം, കാര്യക്ഷമമായ ഹോം നഴ്സിംഗ്, വൃദ്ധജനങ്ങൾക്കായി പ്രത്യേക ആരോഗ്യ സുരക്ഷാ പാക്കേജ്, വൃദ്ധപരിചരണം പാഠ്യപദ്ധതിയുടെ ഭാഗമാക്കൽ, വൃദ്ധജനങ്ങളുടെ ലഘുവ്യായാമത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തൽ, വൃദ്ധരുടെ ചികിത്സാരംഗത്ത് ബഹുജന സർക്കാരിതര സംഘടനകളുടെ പങ്കാളിത്തം ഉറപ്പുവരുത്തൽ എന്നിവയൊക്കെ സർക്കാരിന്റെ വയോജന നയത്തിൽ വിഭാവനം ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly